# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 346 – 03/03/2020 - ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | 2013-14 മുതൽ 2015-16 വരെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പലവിധ മാറ്റങ്ങൾ കാരണം മുരടിപ്പ് അനുഭവപ്പെട്ടെങ്കിലും അതിന് ശേഷം സമ്പദ് വ്യവസ്ഥയ്ക്ക് നല്ല തോതിലുള്ള വളർച്ചയുണ്ടായിട്ടുണ്ട്. 2013-14 മുതൽ 2015-16 വരെയുള്ള കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയെക്കാൾ കുറവായിട്ടാണ് രേഖപ്പെടുത്തിയത്. ഇത് 2013-14 മുതൽ 2015-16 വരെ യഥാക്രമം 4.3, 3.8, 5.3 ശതമാനമാണ്. 2016-17 ൽ വളർച്ച 7.1 ശതമാനമായി വർദ്ധിക്കുകയുണ്ടായി. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ കഴിഞ്ഞ 2 വർഷത്തിനിടയിൽ പല പ്രത്യാഘാതങ്ങളും അനുഭവപ്പെട്ടു. 2017 ലെ ഓഖി ചുഴലിക്കാറ്റ്, 2018, 2019 വർഷങ്ങളിലെ പ്രളയം എന്നിവ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് പല തിരിച്ചടികളും ഉണ്ടാക്കി. പ്രവാസികളുടെ മടങ്ങിവരവും സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു. ഈ പ്രതികൂലാവസ്ഥയിലും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിലുള്ള വളർച്ച 2017-18 ൽ 6.8 ശതമാനമായിരുന്നത് 2018-19 ൽ 7.5 ശതമാനമായി വർദ്ധിച്ചു.<br>2017-18, 2018-19 എന്നീ വർഷങ്ങളിൽ |

| | | |
|---|---|---|
| | | കൃഷി, മത്സ്യ ബന്ധനം എന്നീ മേഖലകളിൽ വ്യക്തമായ വളർച്ച രേഖപ്പെടുത്തി. ഇത് 2017-18 ൽ 11.1 ശതമാനവും 2018-19 ൽ 6.6 ശതമാനവുമാണ്. നിർമ്മാണ മേഖലയിൽ 2017-18 ൽ 4 ശതമാനം രേഖപ്പെടുത്തിയ വളർച്ച 2018-19 ൽ 6.3 ശതമാനമായി വർദ്ധിച്ചു. ഉൽപാദന മേഖലയിൽ അഭൂതപൂർവ്വമായ വളർച്ചയാണ് കേരളത്തിൽ അനുഭവപ്പെട്ടത്. 2016-17, 2017-18, 2018-19 വർഷങ്ങളിൽ യഥാക്രമം 18.2, 3.7, 11.2 ശതമാനം വളർച്ച രേഖപ്പെടുത്തി. മൊത്ത സംസ്ഥാന മൂല്യ വളർച്ചയിൽ ഉൽപാദന മേഖലയിലെ വിഹിതം 2014-15 ൽ 9.8 ശതമാനമായിരുന്നത് 2018-19 ൽ 13.2 ശതമാനമായി വർദ്ധിച്ചു. കേന്ദ്ര സർക്കാരിന്റെ വാർഷിക വ്യാവസായിക സർവ്വേ അനുസരിച്ച് ഇന്ത്യയുടെ ഫാക്ടറി മേഖലയിൽ കേരളത്തിന്റെ പങ്ക് 2014-15 ൽ 1.2 ശതമാനമായിരുന്നത് 2016-17 ൽ 1.6 ശതമാനമായി വർദ്ധിച്ചു. കേരളത്തിന്റെ പൊതു മേഖലാ സ്ഥാപനങ്ങൾ പൊതുവെ 2016-17 മുതൽ വളർച്ചയുടെ പാതയിലാണ്. കെമിക്കൽസ്, ഇലക്ട്രിക്കൽ മേഖല, പുതിയ സംരംഭമായ പെട്രോളിയം റിഫൈനിംഗ് എന്നിവയിൽ പുത്തൻ ഉണർവ്വ് സംഭവിച്ചു. |
| (ബി) | ബഡ്ജറ്റിനു പുറത്തുള്ള നിക്ഷേപ സമാഹരണം വിഭാവനം ചെയ്ത രീതിയിൽ ലക്ഷ്യം കൈവരിക്കാത്തതും പരമ്പരാഗത നികുതി സമാഹരണ രീതികളെ മാറ്റിമറിച്ചതും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബഡ്ജറ്റിനു പുറത്ത് കിഫ്ബി വഴി വിഭാവനം ചെയ്ത ധനസമാഹരണവും പദ്ധതികളും വിജയിക്കുക തന്നെയാണ്. ഈ പദ്ധതികൾ മാന്ദ്യത്തിന്റെ കാലത്ത് സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്നു എന്ന ചിത്രമാണുള്ളത്. നോട്ടു നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതും മൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവ് |
| (സി) | കിഫ്ബി വഴിയുള്ള വിഭവ സമാഹരണത്തിലെ പരാജയവും നികുതി സമാഹരണത്തിലെ വീഴ്ചകളും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ ഏൽപ്പിച്ചിട്ടുള്ള ആഘാതം | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിന് ആവശ്യമായ ധനം കണ്ടെത്തുന്നത് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന |

| | | |
|---|---|---|
| | പരിഹരിക്കുന്നതിന് എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | നിലയിൽ കേരളത്തിന് ധാരാളം പരിമിതികൾ ഉണ്ട്. കേന്ദ്ര സർക്കാരിന്റെ എഫ്.ആർ.ബി.എം ആക്റ്റ് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിനു വിലങ്ങുതടി ആകുന്നു. ഈ പശ്ചാത്തലത്തിലാണ്, ഒരു ബദൽ മാർഗ്ഗമെന്ന നിലയിൽ ബജറ്റിനു പുറത്ത് നമ്മുടെ ഭാവി വരുമാനത്തിന്റെ ഈടിൽ വലിയ തോതിൽ ധനം സമാഹരിച്ച് പൊതു നിക്ഷേപം വർദ്ധിപ്പിച്ച് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുവാൻ സർക്കാർ നടപടി കൈക്കൊണ്ടിട്ടുള്ളത്. കിഫ്ബി അതിന്റെ ആക്റ്റ് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹാരണ ഉപാധികളെയും ആശ്രയിച്ചു കൊണ്ടാണ് ഇത് യാഥാർത്ഥ്യമാക്കുന്നത്.<br>സർക്കാരിന്റെ തനത് വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷം തോറും കിഫ്ബിക്ക് ഗ്രാന്റായി നൽകി കൊണ്ട് പശ്ചാത്തല സൗകര്യ വികസനം ഇപ്പോൾ തന്നെ സാധ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഭാവി വരുമാന ഒഴുക്കിന് ഇപ്പോൾതന്നെ സെക്യൂരിറ്റൈസ് ചെയ്യുക മാത്രമാണ് കിഫ്ബി ചെയ്യുന്നത്. ഇതിലൂടെ ഒരു തലമുറയ്ക്ക് കൂടി പ്രയോജനം ലഭ്യമാക്കും വിധം ഇരുപതോ ഇരുപത്തഞ്ചോ വർഷം കാലതാമസം വരുത്താതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം സൃഷ്ടിക്കാൻ കഴിയും. ഇപ്പോൾ കിഫ്ബി വഴി നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പത്തോ ഇരുപതോ വർഷം കഴിഞ്ഞ് നടത്തുമ്പോൾ ഉണ്ടാകുന്ന നിർമ്മാണച്ചെലവിലെ വർദ്ധനവ് താരതമ്യം ചെയ്യുമ്പോൾ ഇപ്പോളെടുക്കുന്ന വായ്പകൾക്ക് നൽകേണ്ടി വരുന്ന പലിശ ചെലവ് കുറവാണെന്ന മെച്ചവുമുണ്ട്. |

| | | |
|---|---|---|
| | | സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികൾക്കായി കിഫ്ബി വഴി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ, കിഫ്ബി വഴിയുള്ള വിഭവ സമാഹരണം പരാജയമാണെന്ന വാദം വസ്തുതാവിരുദ്ധമാണ്. മാത്രമല്ല, ഗൾഫ് പണവരുമാന ചുരുക്കം, തോട്ടം മേഖലയിലെ പ്രതിസന്ധി, നോട്ടു നിരോധനം എന്നിവയൊക്കെ മൂലം ഒരു മാന്ദ്യത്തെ നേരിടുന്ന സംസ്ഥാന സമ്പദ്ഘടനയ്ക്ക് ഉത്തേജനം നല്കുന്ന ഒന്നാണ് കിഫ്ബി പാക്കേജ്. |

**സെക്ഷൻ ഓഫീസർ**